താലൂക്ക് ആശുപത്രികൾ

* 941. [4] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ജില്ലാ ഹെഡ് കാർട്ടേഴ്സ് ആശുപത്രികൾ സ്ഥിതി ചെയ്യുന്ന താലൂക്കുകളിൽ താലൂക്ക് ആശുപത്രികളായി പരിഗണിക്കപ്പെടുന്ന ആശുപത്രികളുണ്ടോ ;

(ബി) എറണാകുളം ജില്ലയിൽപ്പെട്ട തൃപ്പൂണിത്തുറ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടികളെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) തൃപ്പൂണിത്തുറ ആശുപത്രിയിൽ ഒരു താലൂക്ക് ആശുപത്രിയിലുള്ള സൗകര്യങ്ങളെല്ലാം ഉള്ളതിനാൽ കൂടുതൽ വിപുലീകരിക്കുന്നതിനു് ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഒരു താലൂക്ക് ആശുപത്രിയിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണു്. പല താലൂക്ക് ആശുപത്രികളിലും എക്സ്റേ സൗകര്യങ്ങളില്ലെന്നുള്ള വിവരം അറിയാമോ ? തൃപ്പൂണിത്തുറ ആശുപത്രിയിലും ഇപ്പോൾ എക്സ്റേ സൗകര്യം ഇല്ല. അതുകൊണ്ടു് അവിടെ ആവശ്യമുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ താലൂക്ക് ആശുപത്രികളിലും ഇപ്പോൾ എക്സ്റേ സൗകര്യം ഇല്ല. എല്ലാ ആശുപത്രികളിലും എക്സ്റേ സൗകര്യം ചെയ്തുകൊടുക്കണമെന്നാണു് ഗവണ്മെൻറിന്റേയും ഉദ്ദേശം. പക്ഷെ സാമ്പത്തികമായ പരിമിതികൊണ്ടു് എല്ലാ താലൂക്ക് ആശുപത്രികളിലും ഉടനടി എക്സ്റേ സൗകര്യം ചെയ്തുകൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. ഈ. പി, ഗോപാലൻ : എല്ലാ താലൂക്ക് ആശുപത്രികളിലും രണ്ടു ഡാക്ടറന്മാരെ വീതം നിയമിക്കണമെന്നുണ്ടോ ? ഉണ്ടെങ്കിൽ ഇപ്പോഴും രണ്ടു ഡാക്ടറന്മാർ സ്ഥിരമായിട്ടില്ലാത്ത എത്ര ആശുപത്രികളുണ്ടെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : താലൂക്ക് ആശുപത്രികളിൽ എത്ര ബെഡ്ഡുകൾ ഉണ്ടെന്നു് നോക്കി അതിന്റെ അടിസ്ഥാനത്തിലാണു് സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതു്. ചില ആശുപത്രികളിൽ രണ്ടിൽ കൂടുതൽ ഡാക്ടറന്മാർ കാണും. അതുകൊണ്ടു് എല്ലാ ആശുപത്രികളിലും രണ്ടു ഡാക്ടറന്മാർ വീതം ഉണ്ടായിരിക്കണമെന്നു് നിർബന്ധമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇതിനുമുമ്പു ബഹുമാനപ്പെട്ട മന്ത്രി ഇവിടെതന്ന കണക്കനുസരിച്ചു് ഓരോ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലും നൂറു കിടക്കകൾ വീതമെങ്കിലും വേണമെന്നു് പറഞ്ഞിരുന്നു. എന്നാൽ ചില താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ ഒരു കിടക്കപോലും ഇല്ലാതെയും, യാതൊരുവിധത്തിലുള്ള സൗകര്യങ്ങളും ഇല്ലാതെയും ഉണ്ടു്. അങ്ങനെയുള്ള ആശുപത്രികളിൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു് ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : മിക്കവാറും എല്ലാ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിലും നൂറു ബെഡ്ഡുകൾ വീതമെങ്കിലും ഉണ്ടായിരിക്കണമെന്നാണു് ഗവണ്മെൻറിൽനിന്നും ഉദ്ദേശിക്കുന്നതു്. അതു് ഒന്നോ രണ്ടോ കൊല്ലംകൊണ്ടു് ഈ സ്റ്റേറിലെ എല്ലാ ആശുപത്രികളിലും ആക്കാൻ തക്ക സാമ്പത്തികശേഷി നമുക്കില്ല. ആ സ്ഥിതിക്കു് കാലക്രമേണ എല്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിനുള്ള പരിപാടികളാണു് ഗവണ്മെൻറിൽ നിന്നും ആസൂത്രണം ചെയ്തിരിക്കുന്നതു്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ : 1963-ൽ ഒരു താലൂക്ക് ഹെഡ് കപ്പാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തികൊണ്ടുവരാമെന്നു പറഞ്ഞിരുന്നു. ചെങ്ങന്നൂർ ഹോസ്പിറ്റലിൽ ഇപ്പോഴും ആവശ്യത്തിനുള്ള സൗകര്യങ്ങളും പോലും ഉണ്ടാക്കിയിട്ടില്ല. അവിടെ പുതിയ ആശുപത്രി കെട്ടിടത്തിന്റെ പ്രാരംഭ പണികളെങ്കിലും ആരംഭിക്കാനുള്ള നടപടികളും എടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽഉടനെതന്നെ ധ്രുതഗതിയിൽ അതിന്റെ പണി പൂർത്തിയാക്കി ആവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കുമോ ? അങ്ങനെ ആണെങ്കിൽ അതിന്റെ പണി എന്നു തുടങ്ങുമെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിനെ സംബന്ധിച്ച് സവിസ്തരമായി ചോദിച്ചിട്ടുള്ള മറ്റൊരു ചോദ്യം ഇവിടെയുണ്ട്. അതിനെ കുറിച്ച് മറുപടി പറയുമ്പോൾ എല്ലാം പറയാം.

ശ്രീ. ഒ. കോരൻ : കണ്ണൂർ ജില്ലയിൽ തളിപറമ്പയിൽ ഒരു താലൂക്ക് ഹെഡ്കപ്പാർട്ടേഴ്സ് ആശുപത്രിയുടെ പണി തുടങ്ങിയിട്ടുണ്ട്. അതിന്റെ പണി എന്നു തീർത്തു പ്രവർത്തനം ആരംഭിക്കുമെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അധികം താമസിയാതെ പണി തീർക്കാൻ സാധിക്കുന്നതാണു്. എന്നു തീർക്കുമെന്നു ഇപ്പോൾ കൃത്യമായി പറയാൻ സാധിക്കുകയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ചില ആശുപത്രികളിൽ ആവശ്യത്തിനുള്ള സ്റ്റാഫിനെ നിയമിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? നാൽപതോളം ബെഡ്ഡുള്ള ഒരു താലൂക്ക് ആശുപത്രിയിൽ ഒരു ക്ലാർക്കിനെപോലും നിയമിച്ചിട്ടില്ലാത്തതു കാരണം അവിടെയുള്ള കമ്പൗണ്ടറാണു് ക്ലാർക്കിന്റെ ജോലി കൂടി ചെയ്യുന്നതു്. പ്രൈമറി ഹെൽത്തു് സെൻറുകളിൽപോലും ക്ലാർക്കുമാരെ നിയമിക്കുന്നുണ്ടു്. അനിലയ്ക്കു് താലൂക്ക് ഹെഡ്കപ്പാർട്ടേഴ്സ് ആശുപത്രികളിൽ ക്ലാർക്കുമാർ ഇല്ലെങ്കിൽ നിയമിക്കുന്നതിനെപ്പറ്റി ശ്രദ്ധിക്കുമോ ?

ശ്രീ.എം.പി. ഗോവിന്ദൻ നായർ: ചില സ്ഥാപനങ്ങളിൽ പ്രത്യേകിച്ചു് മലബാർ ഭാഗത്തുള്ള ചില ആശുപത്രികളിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അവിടെ സ്റ്റാഫുകളുടെ ഏകീകരണത്തെപ്പറ്റിയുള്ള കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

## ഇറക്കുമതി ചെയ്ത ക്ഷീരധാന്യങ്ങൾ

✱ 942. [5] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിനു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1963-64-ൽ കേരളത്തിൽ ഇറക്കുമതിചെയ്ത ക്ഷീരധാന്യങ്ങൾ എത്രയെന്നും, അതിന്റെ വില എന്തെന്നും പറയുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ പി. പൗലോസ്): 1963-64ൽ കേരളത്തിൽ ഇതുവരെയായി ഇറക്കുമതി ചെയ്തതും, ഇനിഇറക്കുമതി ചെയ്യാനുള്ളതും ഉൾപ്പടെ ഉദ്ദേശം 9,86,000 ടൺ അരി ഇറക്കുമതി ചെയ്യുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്. ഇതിന്റെ ഉദ്ദേശ വില 60 കോടി-രൂപയോളമാകും. മറ്റു ധാന്യങ്ങളുടെ വിവരം ശേഖരിക്കപ്പെട്ടിട്ടില്ല.